## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1273 — 13.07.2016-ൽ മറുപടിയ്ക്ക്

## മന്ത്രിസഭാതീരുമാനങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മന്ത്രിസഭാ തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് സംസ്ഥാന വിവരാവകാശക്കമ്മീഷൻ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | മന്ത്രിസഭായോഗ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ/തീരുമാനങ്ങൾ എന്നിവ അപേക്ഷകർക്ക് നൽകാൻ 15.06.2016-ന് ഹർജി നം. AP. No.07(1)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം നം. 4746/SIC-Gen4/2016 പ്രകാരം വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മന്ത്രിസഭാ തീരുമാനങ്ങളും സർക്കാർ ഉത്തരവുകളും യഥാസമയം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | മന്ത്രിസഭാ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും അല്ലാതെയും പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 09.06.2016-ലെ 590/എസ്.സി1/2016/പൊഭ (എസ്.സി) നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ